# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2352 15/07/2011-ൽ മറുപടിക്ക്

## പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾക്ക് കെട്ടിടം

**ചോദ്യം**

ശ്രീ. വി. ചെന്താമരാക്ഷൻ:

**ഉത്തരം**

ശ്രീ. എ.പി. അനിൽ കുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പാലക്കാട് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള എത്ര പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിൽ ഉണ്ട്; | (എ) 16 പ്രീമെട്രിക് ഹോസ്റ്റലുകളും, 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നിലവിലുണ്ട്. |
| (ബി) ഇതിൽ എത്ര ഹോസ്റ്റലുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്; | (ബി) ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റലുകളായ മങ്കര, കൊല്ലങ്കോട്, അലനല്ലൂർ എന്നിവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) മുഴുവൻ ഹോസ്റ്റലുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി അലനല്ലൂർ ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുവാൻ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് തച്ചംപാറ പഞ്ചായത്തിൽ 30 സെന്റ് ഭൂമി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലങ്കോട് ഹോസ്റ്റലിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മങ്കര പ്രീമെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുവാൻ കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ 28 സെന്റ് ഭൂമി ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**